# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2083**      **16.08.2017-ൽ മറുപടിയ്ക്ക്**

**മിസോറാം ലോട്ടറി**

| ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചരക്ക് സേവന നികുതിയുടെ മറവിൽ സംസ്ഥാനത്ത് മിസോറാം ലോട്ടറി വില്പന നടത്തുന്നുണ്ടോ; | (എ) | ഇല്ല. സർക്കാർ സ്വീകരിച്ച ശക്തമായ നടപടികളെത്തുടർന്ന് മിസോറാം സർക്കാർ കേരളത്തിൽ നടത്തുമെന്ന് അറിയിച്ചിരുന്ന ലോട്ടറി സ്കീമുകൾ പിൻവലിച്ചു. |
| (ബി) | നമ്മുടെ സംസ്ഥാനത്തുള്ള അനധികൃത ലോട്ടറികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തിനകത്തുള്ള അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനും ലോട്ടറി നിയന്ത്രണ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി ഇൻറലിജൻസ് എ.ഡി.ജി.പി.യെ മേധാവിയാക്കി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും ജില്ലകളിൽ ജില്ലാ കളക്ടർമാരെ മേധാവിയാക്കി ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾക്കും രൂപം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>അനധികൃത ഒറ്റ അക്ക ലോട്ടറി തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിനായി സംസ്ഥാനതല മോണിറ്ററിംഗ് സമിതി. സോണൽ തലത്തിൽ ഐ.ജി.ഓഫ് പോലീസ് ക്രൈംസിന്റെ നേതൃത്വത്തിൽ സി.ബി.സി.ഐ.ഡി ഓഫീസർമാരെ കൂടി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി എഡിജിപി ക്രൈംസിന്റെ മേൽനോട്ടത്തിൽ പുനസംഘടിപ്പിക്കുകയുണ്ടായി.<br><br>സംസ്ഥാനത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികളുടെ ഭീഷണി മറികടക്കുന്നതിലേയ്ക്കായി നിലവിൽ പ്രാബല്യത്തിലുള്ള ആക്ടുകളും, റൂളുകളും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി യുടെ മറവിൽ അനധികൃതമായി നടത്താനിടയുള്ള ലോട്ടറി വില്പന തടയുന്നതിലേയ്ക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങളും പരിശോധനകളും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>അതുകൂടാതെ കേരള സംസ്ഥാന ലോട്ടറി ഏജന്റുമാർ സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാൻ പാടുള്ളുവെന്നും നിയമവിധേയമല്ലാത്ത അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**